ശ്രീ. ആർ. ശങ്കർ : ഓവർ ഏജ്ഡ് ആയ ആളുകളെ താൽകാലികമായി നിയമിക്കുകയാണ്. അതുകൊണ്ട് അങ്ങനെ പരിഗണിക്കുകയില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : ആദ്യം നിയമിക്കുമ്പോൾ പ്രായ പരിധിക്കുള്ളിൽതന്നെ നിയമനം കിട്ടുകയും, പിന്നെ ടെയിനിംഗ് കഴിഞ്ഞുവരുമ്പോൾ പ്രായപരിധി കഴിയുകയുംചെയ്താൽ അവർക്ക് ഏജ് എക്സംപ്ഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അക്കാര്യത്തിന് എന്തെങ്കിലും പ്രത്യേക വ്യവസ്ഥയുണ്ടോ എന്നാപ്പോൾ പറയാൻ ഒക്കുകയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആദ്യനിയമനം കിട്ടി മൂന്നു നാലുമാസം കഴിഞ്ഞു ടെയിനിംഗിനെടുക്കുന്നു. ടെയിനിംഗ് പൂർത്തിയാകുമ്പോൾ പ്രായപരിധി കഴിഞ്ഞാൽ, അവർക്ക് ഏജ് എക്സംപ്ഷൻ കൊടുത്തില്ലെങ്കിൽ ഈ ടെയിനിംഗ് കഴിച്ചതുകൊണ്ട് എന്താണു പ്രയോജനം ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ കൊടുക്കുന്നുണ്ടോ ഇല്ലയോഎന്നു നിശ്ചയമില്ല അതിനു പ്രത്യേകം ഒരു ചോദ്യം ചോദിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : പ്രായപരിധി കഴിയുന്നതിനുമുമ്പു കുറച്ചു മാസം ജോലി കൊടുത്തിട്ടുണ്ടെങ്കിൽ അതിനെ പരിഗണിച്ച് പ്രായപരിധിയിൽ വല്ല വ്യത്യാസവും ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇതെല്ലാം ഒരേ ചോദ്യം പല രൂപത്തിൽ ചോദിക്കുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ: പലതരത്തിലും ഓവർ ഏജ്ഡ് ആയിട്ടുള്ള ആളുകളെ കാണും. സ്ഥിരമായിട്ടുള്ള ജോലിക്ക് പ്രായപരിധി കഴിഞ്ഞവരെ നിയമിക്കുകയില്ല. അതിനുമുമ്പ് അവർ ജോലിയിലിരുന്നിരിക്കും. അങ്ങനെ കുറെ ദിവസങ്ങളോ മാസങ്ങളോജോലി കൊടുത്തിട്ടുള്ളവരുടെ കാര്യത്തിൽ വല്ല പ്രത്യേക പരിഗണനയുമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഒരുദിവസത്തെ അപ്രൂവ്ഡ് സ്റ്റ്രീസുണ്ടായിരുന്നാൽ "within" ഏജായി കണക്കാക്കി ഉദ്യോഗം നൽകുന്നതായി അറിയാമോ ?

ശ്രീ. ആർ. ശങ്കർ : കാളിഫൈഡ് ആണെങ്കിൽ കിട്ടും.

ശ്രീ. കെ. കൃഷ്ണപിള്ള : 60 വയസുവരെ ഉദ്യോഗത്തിലിരിക്കാമെന്നു വ്യവസ്ഥയുള്ളപ്പോൾ ഈക്കാര്യത്തിൽ 28 വയസ് എന്നു പ്രത്യേകം വച്ചിട്ടുള്ളതു് എന്തിനാണു്? ഇതിൽ എന്താണു തത്വം.

ശ്രീ. ആർ. ശങ്കർ : ഒരുവിധം നീതിപൂർവ്വം വേണമെന്നു നിശ്ചയിച്ചതാണ് 28 വയസ്.

വീവിംഗ് പരിശീലനം കഴിഞ്ഞവരിൽ നിയമനം കിട്ടിയവർ

* 809. [2] ശ്രീ. പി. സി. ആദിപുൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനക്ഷേമവകുപ്പിന്റെ കീഴിൽ വീവിംഗ് പരിശീലനം നടത്തി സർട്ടിഫിക്കറ്റു കിട്ടിയവരിൽ ആർക്കെങ്കിലും പി. എസ്. സി. മുഖേന നിയമനം കിട്ടിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഇല്ല.

(ബി) ഇപ്പോഴത്തെ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നു വീവിംഗ് പരിശീലനം കഴിക്കുന്നവർക്കു നൽകുന്ന സർട്ടിഫിക്കറ്റ് കെ. ജി. റ്റി. പരീക്ഷാസർട്ടിഫിക്കറ്റിനു തുല്യമായി പരിഗണിക്കപ്പെടുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ : ഞാൻ ഇതിനുമുമ്പ് ഇവിടെ ചോദിച്ച ഒരു ചോദ്യത്തിനു് ആകെ വീവിഗിനു് 598 പേർ ചേർന്നുവെന്നും, അതിൽ 376 പേർ വിജയിച്ചു എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ, ഇന്നു് ഈ 598 പേരും തൊഴിലില്ലാതിരിക്കുകയാണു്. ഈ പരിശീലനം വച്ചുകൊണ്ടു് അവർക്കു് തൊഴിൽ കിട്ടുന്നതിനോ ഐ. റ്റി. സി. യിൽ ചേരുന്നതിനോ വഴിയുണ്ടാക്കിക്കൊടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : നമ്മുടെ സംസ്ഥാനത്തു് നെയ്ത്തു്, ആശാരിപ്പണി, മൂരൽപ്പണി, കയർനെയ്ത്തു് തുടങ്ങിയ കാര്യങ്ങളിൽ രണ്ടായിരത്തിലധികം പേർക്കു പരിശീലനം കൊടുത്തിട്ടുണ്ടു്. അതിൽ ആയിരത്തിലധികം പേർ പരീക്ഷ പാസാകുകയും ചെയ്തിട്ടുണ്ടു്. വീവിംഗ് ഒഴികെ ബാക്കി ആശാരിപ്പണി, പാനെയ്ത്തു് മുതലായതിലേക്കു് പി. എസ്. സി. 50 പേരെ സെലക്ട് ചെയ്തിട്ടുണ്ടു്. വീവിംഗ് പാസാകണമെങ്കിൽ മിനിമം തേഡ് ഫാം എങ്കിലും വേണമെന്ന വ്യവസ്ഥയുണ്ടു്. ഇപ്പോഴത്തെ പരിശീലനം കൊടുക്കുന്ന കുട്ടികളും എഴുതാനും വായിക്കാനുമാത്രം അറിയാവുന്നവരാണു്. അതുകൊണ്ടു് പി.എസ്. സി. ഇവരെ സെലക്ട്ചെയ്തിട്ടില്ല ; എന്നിരുന്നാലും ഗവണ്മെന്റു് പി. എസ്. സി. യുമായി ഇവരുടെകാര്യത്തിൽ എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്. ഇവർക്കു് ടെയിനിംഗ് കൊടുത്തപ്പോൾ ഉദ്ദേശിച്ചതു്, വിവിധ തൊഴിലുകളിൽ പരിശീലനം കൊടുത്തു സ്വന്തമായി ജോലിചെയ്യാൻ പ്രാപ്തരാക്കുകയെന്നതായിരുന്നു. എന്നാലും അടുത്തകാലത്തു് ഇവരെ കോവാപ്പറേറ്റീവു് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് ജോലികൊടുക്കാൻ സാധിക്കുമോയെന്നു ഗവണ്മെന്റു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. രവീന്ദ്രൻ : വീവിംഗിനു് എത്രകാലമാണു പരിശീലനം കൊടുക്കുന്നതു്? അവർക്കു സ്വന്തമായി തൊഴിൽചെയ്യത്തക്കവണ്ണം പരിശീലനം കിട്ടുന്നുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഹരിജൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ രണ്ടു കൊല്ലത്തെ ടെയിനിംഗാണു കൊടുക്കുന്നതു്. ചില കുട്ടികളും ശരിയായി ജോലിചെയ്യാൻ കഴിവുള്ളവരാണു്. പല കുട്ടികളും വരികയും ഇടക്കാലത്തു വിട്ടുപോകയും പിന്നെ വരികയും ഒക്കെ ചെയ്യുന്നുണ്ടു്. എന്നിരുന്നാലും രണ്ടു കൊല്ലത്തെ പരിശീലനം കൊണ്ടു് സഹകാര്യ ഫാക്ടറികളിൽപോയി ജോലി ചെയ്തു ജീവിക്കാനുള്ള പരിശീലനം കിട്ടുന്നുണ്ടു്, കെ. ജി. ടി. എക്സാമിനേഷനു് ഇരിക്കണമെങ്കിൽ തേഡ് ഫാം എങ്കിലും പാസായിരിക്കണം.

ശ്രീ. ഓ. കോരൻ : രണ്ടുകൊല്ലത്തെ പരിശീലനമാണു് കൊടുക്കുന്നതു് എന്നുപറഞ്ഞു. ഇതിനുള്ള സൌകര്യം സ്കൂളിൽ ശരിക്കു് കോഴ്സുകൾ ആരംഭിക്കാത്തതുകൊണ്ടും പരിശീലനം കഴിഞ്ഞശേഷം ഇവർക്കു ജോലി കിട്ടാത്തതുകൊണ്ടും പ്രൈവറ്റു് സെക്ടറിൽ അപ്രന്റിസു് കോഴ്സു് നടത്താനുള്ള സൌകര്യം ഗവണ്മെന്റു് ഉണ്ടാക്കിക്കൊടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അപ്രന്റിസു്കോഴ്സു് ഡിപ്പാർട്ടുമെന്റു നടത്തുന്നില്ല. സ്വന്തമായി തൊഴിൽചെയ്യാൻമാത്രമാണു് പരിശീലനം നൽകിയപ്പോൾ ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. സി. കെ ബാലകൃഷ്ണൻ : സ്വന്തമായി ഇവർക്കു ജോലിചെയ്യാൻ എന്തെങ്കിലും സൌകര്യംചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കഞ്ഞമ്പു : ഹരിജന ഡിപ്പാർട്ടുമെൻറിൽനിന്നും ഇവർക്കു് തയ്യൽ മിഷ്യൻ വാങ്ങാനുംമറ്റും ഗ്രാൻറായും ലോണായും പണം കൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. അങ്ങനെ കൊടുക്കുന്നുമുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : രണ്ടു കൊല്ലത്തെ പരിശീലനം ആണു് കൊടുക്കുന്നതെന്നുപറഞ്ഞു. കെ. ജി. ടി. പരീക്ഷ പാസാകുന്നതിനു് എത്ര കൊല്ലം വേണമെന്നുപറയാമോ ?

ശ്രീ. കെ. കഞ്ഞമ്പു : ഹയർ പരീക്ഷയ്ക്കു ഇരിക്കാൻ സ്റ്റുഡൈനൽ പാസാകണം. മറ്റേതിനു തേഡ്പ്പാം. ആദ്യത്തെ പരീക്ഷയ്ക്കു അവിടെയും രണ്ടുകൊല്ലത്തെ കോഴ്സു മതിയാകും.

ശ്രീ പി. സി. ആദിച്ചൻ : ഈ സാമ്പത്തികവർഷം അവസാനിക്കാൻ ഇനി പത്തുദിവസമേ ഉള്ളൂ. ഈ വർഷത്തിൽ കഴിഞ്ഞ 355 ദിവസത്തിനുള്ളിൽ ഏതെങ്കിലും ഒരാളിനെങ്കിലും ഇവിടെ പറഞ്ഞതുപോലെ സഹായധനം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : എന്റെ കൈയിൽ വ്യക്തമായ കണക്കില്ല. ഇതിനു് പലർക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടു്.

എണ്ണയാട്ട സഹകരണ സംഘങ്ങൾക്കു നൽകിയിട്ടുള്ള ലോൺ

* 810. [3] ശ്രീ. കെ. ഹസൻഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ കേരള ഖാദി ബോഡിൽ നിന്നും എണ്ണയാട്ട സഹകരണ സംഘങ്ങൾക്കായി എത്ര തുക ലോണായും ഗ്രാൻറായും നൽകിയിട്ടുണ്ടു് ;

(ബി) ലോണായി കൊടുത്ത തുകയിൽ എത്ര ശതമാനം മടക്കി കിട്ടിയിട്ടുണ്ടു് ;

(സി) ലോൺ അടച്ചുതീർക്കാത്ത ഏതെങ്കിലും സംഘങ്ങൾക്കു് വീണ്ടും ലോൺ നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര സംഘങ്ങൾക്കു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 16,57,856 രൂപാ ലോണും, 410,687 രൂപാ ഗ്രാൻറും നൽകിയിട്ടുണ്ടു്.

(ബി) 26 ശതമാനം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ 5 വർഷത്തിനുള്ളിൽ അന്നു പ്രവർത്തിച്ചിരുന്ന സംഘങ്ങളൊക്കെ പ്രവർത്തിക്കുന്നുണ്ടോ ? ഇവ നടത്തിക്കൊണ്ടുപോകാൻ വളരെ വിഷമമുണ്ടു് ; നഷ്ടത്തിലാണു് എന്നും പറയുന്നു. പലതും കാര്യമായി പ്രവർത്തിക്കുന്നില്ലെന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെയല്ല ഗവണ്മെൻറിന്റെ അറിവു്. 175 ആയിൽ സൊസൈറ്റികളാണു് രജിസ്റ്റർ ചെയ്തിട്ടുള്ളതു്. അവയിൽ 159 എണ്ണത്തിനു് സഹായധനം നൽകിയിട്ടുണ്ടു്. അവ നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ടു്. ചിലതു് ലോൺ അടയ്ക്കാനുള്ള കാലഘട്ടത്തിൽ അടയ്ക്കാതിരുന്നാൽ അവയുടെ പേരിൽ നടപടിയെടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly